V. HALF AN HOUR DISCUSSION UNDER RULE 48

Appointments made in the K.S.R.T.C.

Deputy Speaker: I wish to draw the attention of the members to Rule 48 (8) of the Rules of Procedure. It says: "There shall be no formal motion before the Assembly nor voting. The member who has given notice may make a short statement and the Minister concerned shall give a brief reply. Any member who has previously intimated the Speaker may be permitted to put a question for the purpose of further elucidating any matter of fact.

മൂന്നു ബഹുമാനപ്പെട്ട മെമ്പർമാർ ചോദ്യം ചോദിക്കാൻ അനുവദിക്കണമെന്ന് എഴുതി തന്നിട്ടുണ്ട്.—ശ്രീ. എൻ. കെ. ശേഷൻ, ശ്രീ. കെ. എം. മാണി, ശ്രീ കെ. ടി. ജോർജ്—ഈ മൂന്നു മെമ്പർമാരേയും ഓരോ ചോദ്യം ചോദിക്കാൻ അനുവദിക്കുന്നതാണ്.

ശ്രീ. ടി. എ. മജീദ് : സർ, നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമനം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര പേരെ എന്നും ഉള്ള ഒരു ചോദ്യത്തിന് വളരെ വ്യക്തമായി ഉണ്ട് എന്നും 243 പേരെ നിയമിച്ചിട്ടുണ്ടെന്നും ഉള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചത്. സപ്ലിമെൻററി ചോദ്യങ്ങൾക്ക്, അപേക്ഷിച്ചിരുന്ന ആളുകളെ എടുത്തിട്ടുണ്ട്, അപേക്ഷിക്കാത്തവരെയും എടുത്തിട്ടുണ്ട് എന്നൊക്കെ, അവ്യക്തമായ രീതിയിൽ മറുപടി പറഞ്ഞിട്ടുണ്ട്. 243 പേരെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും നിയമിച്ചത് തെറ്റായ നടപടിയാണ്; ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ. എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം, വ്യക്തമായ റിക്രൂട്ട്മെൻറ് റൂളുകളും ഉണ്ട്. എന്നു മാത്രമല്ല കോർപ്പറേഷനിലേക്ക് റിക്രൂട്ടിംഗ് നടത്താൻ ചുമതലപ്പെട്ട സെക്ഷൻ തന്നെ ഉണ്ട്. ഈ റൂളുകളെയും മേൽപറഞ്ഞ സെക്ഷനെയും അവഗണിച്ചുകൊണ്ട് നിയമനം നടത്തി എന്നു പറയുന്നതിൽ വളരെയധികം നടപടിപ്പിശക് വന്നിട്ടുണ്ട്. ഉത്തരവുകളുടെ കൂട്ടത്തിൽ ഒരു ഭാഗത്ത് ജനറൽ മാനേജരുടെ വീട്ടിൽ വച്ചല്ല ക്ലീനേഴ്സിനെ നിയമിക്കുന്നതെന്നും ആർഡർ വാങ്ങാനോ മറോ അവർ ജനറൽ മാനേജരുടെ വീട്ടിൽ പോയതായിരിക്കാമെന്നും മന്ത്രി പറയുകയുണ്ടായി. ജനറൽ മാനേജരുടെ വീട്ടിൽ പോയി എന്നുള്ളത് നിഷേധിച്ചിട്ടില്ല. വീട്ടിൽ പോയാണോ ഉത്തരവ് വാങ്ങേണ്ടത് ? അപേക്ഷ ക്ഷണിക്കാതെയും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും നിയമനങ്ങൾ നടത്തുന്നതിനു യാതൊരു നീതീകരണവുമില്ലെന്നാണ് എനിക്കു പറയാനുള്ളത്. ഇങ്ങനെ അവിഹിതമായി നിയമനം ലഭിച്ച കുറേപ്പേരുടെ ലിസ്റ്റ് എൻെറ പക്കലുണ്ട്. അതെല്ലാം വായിച്ച് സമയം കളയണമെന്ന് കരുതുന്നില്ല. ഇങ്ങനെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതേയും നിയമിക്കത്തക്ക അടിയന്തിര പരിതഃസ്ഥിതിയൊന്നും ഉണ്ടായിട്ടില്ല.ന്യായമായ രീതിയിൽ അപേക്ഷ ക്ണിച്ച് ഇൻറർവ്യൂ നടത്തി ചെയ്യാനുള്ള സാഹചര്യമുണ്ടായിരുന്നു. അങ്ങനെയല്ല ചെയ്തിട്ടുള്ളതെന്നു വ്യക്തമാണ്. ഈ 243-ൽ ഉൾപ്പെട്ടതാണെന്നുതോന്നുന്നു, എറണാകുളത്ത് ഒരു എസ്റേറററ് കീപ്പറായി 120–200 രൂപ സ്കെയിലിൽ ഒരു മഹമ്മദാലിയെ നിയമിച്ചിട്ടുണ്ട്. ഈ നിയമനം ഇങ്ങനെ നടത്തത്തക്ക എന്ത് അടിയന്തിരപരിതഃസ്ഥിതിയാണുണ്ടായതെന്നറിഞ്ഞുകൂടാ. അതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ തന്നെ ഗാർഡുകളെയും ലോവർ ഡിവിഷൻ ക്ലാർക്കുമാരെയും വരെ അപേക്ഷ ക്ഷണിക്കാതെ നിയമിച്ചിട്ടുള്ളതായി അറിയുന്നു. അവിടെ ഹൗസ് കീപ്പർമാരായി എം. എ. രവീന്ദ്രൻ, കെ. മണിയൻ, കെ. രാധാകൃഷ്ണൻ, ആർ. രാഘവൻ നായർ എന്നിവരെ നിയമിച്ചു. ഗാർഡുമാരായി അബൂബേക്കർ, ഭാസ്കരൻ, കെ. ടി. സേവിയർ, ഷാഹുൽ ഹമീദ് എന്നിവരെ നിയമിച്ചു. നിയമിച്ചതിന്റെ ലിസ്റ്റ് മുഴുവൻ എന്റെ കയ്യിലുണ്ട്. മുഴുവൻ ഇവിടെ വായിക്കണമെന്നുദ്ദേശിക്കുന്നില്ല. ഇവിടെ നേരത്തെ ചോദ്യത്തിന് മറുപടി പറഞ്ഞ ശേഷവും നിയമനം നടത്തിയിട്ടുണ്ട്. 3-ാം തീയതി കുറേപ്പേരെ ക്ലാർക്കുമാരായി നിയമിച്ചിട്ടുണ്ട്. സുഭാഷിണി, വസുമതി, ദേവരാജൻ, സുബൈദ, ശാന്ത, ലളിത എന്നിവരെയാണ് ഈ കൂട്ടത്തിൽ നിയമിച്ചിട്ടുള്ളത്. ഈ നിയമനങ്ങൾക്കെല്ലാം വയസ്സു നിശ്ചയിച്ചിട്ടുണ്ടെന്നാണറിയുന്നത്. എന്നാൽ നിയമിച്ചിരിക്കുന്നത് വയസ്സു കഴിഞ്ഞയാളുകളെയും ശരിയായ യോഗ്യതയില്ലാത്തവരെയുമൊക്കെ നിയമിച്ചിട്ടുണ്ട്. ഏതു സാഹചര്യത്തിലാണ് ഇങ്ങനെയുള്ള നിയമനം നടന്നതെന്നുള്ളതിനെപ്പറ്റി വളരെ ഗൗരവമായി ആലോചിക്കേണ്ടതുണ്ട്: വേണ്ടത്ര ജോലിയില്ലാതെ ഡ്രൈവർമാരും കണ്ടക്ടർമാരും നിൽക്കുകയാണ്; 240 ദിവസം തികച്ച് അവർക്കു ജോലി കൊടുക്കാൻ കഴിയാത്ത സാഹചര്യമുള്ളപ്പോഴാണ് ഈ പുതിയ നിയമനം നടന്നിട്ടുള്ളത്. 240 ദിവസം തികഞ്ഞവരെപ്പോലും റഗുലറൈസ് ചെയ്യാത്ത സാഹചര്യത്തിലാണ് ഈ നിയമനങ്ങൾ നടന്നിട്ടുള്ളത്. പ്രൈവറ്റ് ബസ് സർവീസ് നാഷണലൈസ് ചെയ്തപ്പോൾ ആ പ്രൈവറ്റ് സർവീസിലുണ്ടായിരുന്ന കുറേപ്പേർക്ക് കോർപ്പറേഷനിലേക്കു നിയമനം കൊടുക്കുന്നതിനു സെലക്ഷൻ മെമ്മോ കൊടുത്തിട്ടുണ്ട്. അങ്ങനെ സെലക്ഷൻ മെമ്മോ കൊടുത്തവരെ നിയമിച്ചു കഴിഞ്ഞിട്ടില്ല. അവർ സെലക്ഷൻമെമ്മോ കിട്ടി നിയമനവും പ്രതീക്ഷിച്ചു നിൽക്കുമ്പോഴാണ് തെറ്റായ രീതിയിൽ മറ്റുള്ളവരെ നിയമിച്ചിട്ടുള്ളത്. ഇതിനെല്ലാമുപരിയായി ഇക്കഴിഞ്ഞ കുറേ ദിവസങ്ങൾക്കു മുൻപ് കുറേ ജോലിക്കാർക്ക് അപേക്ഷ ക്ഷണിച്ചിരുന്നു; ക്ലാർക്കുമാരായും കണ്ടക്ടർമാരായും ഡ്രൈവർമാരായും നിയമിക്കുന്നതിനാണ് അപേക്ഷ ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിരുന്നത്. അതിന് ആയിരക്കണക്കിനാളുകൾ അപേക്ഷ കൊടുത്തിട്ടുണ്ട്.

സർ, അവരിൽ പലരും കാൺഡക്റ്റു സർട്ടിഫിക്കറ്റു വാങ്ങാൻ എം. എൽ. എ. കാർട്ടേഴ്സിൽ വന്നിരുന്നു. ഉറിച്ചിരിച്ചുകൊണ്ടാണ് സർട്ടിഫിക്കറ്റിൽ ഞങ്ങൾ ഒപ്പിട്ടുകൊടുത്തത്. പാവപ്പെട്ട ആ ചെറുപ്പക്കാർ, അപേക്ഷാഫാറത്തിനു പത്തു രൂപയും കൊടുത്ത്, തിരുവനന്തപുരത്തു വന്ന്, സർട്ടിഫിക്കറ്റ് ഒപ്പിടുവിച്ചു വാങ്ങുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലല്ലോ എന്ന വിചാരം ഞങ്ങൾക്കുണ്ടായിരുന്നു. എന്നിട്ടും പലർക്കും ഞങ്ങൾ സർട്ടിഫിക്കറ്റു ഒപ്പിട്ടു കൊടുക്കുകയുണ്ടായി. 31-ാം തീയതി അവസാനദിവസമായിരുന്നു. അന്നും നൂറു കണക്കിന്, യുവതീയുവാക്കൻമാർ, ന്യായമായ മാർഗ്ഗങ്ങളിൽകൂടി ഉദ്യോഗം ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി, അപേക്ഷ കൊടുത്തതിനുശേഷം, ഇൻറർവ്യൂവിനു കാർഡു വരുമെന്നുള്ള വിശ്വാസത്തിൽ കഴിയുകയാണ്. അവരെ ഇൻറർവ്യൂവിനു വിളിക്കാതെ, ചട്ടങ്ങൾക്കും, നടപടിക്രമങ്ങൾക്കും വിരുദ്ധമായിട്ടു നിയമനങ്ങൾ നടത്തിയെന്നുള്ളതാണ് ഏറ്റവും വിമർശനാത്മകമായ ഒരു കാര്യം. ന്യായമായ മാർഗ്ഗങ്ങളിൽകൂടി നിയമിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കേ, എന്തിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. മജീദ്]

ഒരു തെറ്റിദ്ധാരണ ജനതാമദ്ധ്യത്തുണ്ടാകുന്ന തരത്തിൽ ഈ നിയമനങ്ങൾ നടത്തി എന്നു ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായിട്ടു ആലോചിക്കേണ്ടതാണ്.

സർ, ബഹുമാനപ്പെട്ട മന്ത്രി മുൻപു മറുപടി പറഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കൺഡക്ടർമാർ വേണ്ടത്ര ഇല്ലാതിരുന്നതുകൊണ്ടാണ് നിയമിക്കേണ്ടിവന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. അവരെ നിയമിക്കേണ്ട ആവശ്യമുണ്ടോ എന്നു തീരുമാനിക്കുന്നതിലും, നിയമിക്കുന്നതിലും മന്ത്രിക്കു ഉത്തരവാദിത്വമുണ്ടെന്നു സമ്മതിച്ചുകൊണ്ടാണ് അദ്ദേഹം മറുപടി പറഞ്ഞത്. മന്ത്രി ഒരു ഭാഗത്തു നിയമിക്കുന്നു, ജനറൽ മാനേജർ മറുഭാഗത്തു നിയമിക്കുന്നു. ഇതെല്ലാം ചെയ്യുന്നത് ന്യായമായ മാർഗ്ഗത്തിലൂടെ അപേക്ഷ കൊടുത്തിട്ടു അവസരം കാത്തു നിൽക്കുന്നവർ ഇല്ലാത്തപ്പോഴാണെങ്കിൽ മനസ്സിലാക്കാം. അങ്ങനെയല്ലാത്ത ഒരു സാഹചര്യത്തിൽ, വ്യക്തമായ വ്യവസ്ഥകൾക്കെതിരായി, നിയമാനുസരണം അപേക്ഷ കൊടുത്ത്, ഇൻറർവ്യൂവിന് അവസരവും കാത്തു ഒട്ടേറെ യുവതീയുവാക്കൾ നിൽക്കുന്ന സന്ദർഭത്തിൽ എല്ലാ ചട്ടങ്ങളെയും അവഗണിച്ചുകൊണ്ട് നിയമനം നടത്തുന്ന നടപടി തെറ്റാണ്, അതു തികഞ്ഞ അഴിമതിയാണെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിയും അതു സമ്മതിക്കുമെന്നു എനിക്കുറപ്പുണ്ട്. ചട്ടങ്ങൾക്കും സാധാരണ നടപടിക്രമങ്ങൾക്കും വിരുദ്ധമായ നിയമനങ്ങളാണിതെന്നു അദ്ദേഹം ഇതിനകം സമ്മതിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ നിയമനം നടത്തുന്നതിനു ചില വ്യവസ്ഥകളും റൂളുകളുമുണ്ട്. അതനുസരിച്ചു വേണം നിയമനം നടത്താൻ. അങ്ങനെ നടന്നിട്ടുണ്ടോ? പി.എസ്.സി. യിലും മറ്റു പല സ്ഥാപനങ്ങളിലും നിയമനം നടത്തുമ്പോൾ പിന്നോക്ക സമുദായങ്ങൾക്കും, പട്ടികജാതിക്കാർക്കും ചില പ്രത്യേക സംരക്ഷണ വ്യവസ്ഥകൾ പാലിക്കണമെന്നുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പിന്നോക്ക സമുദായങ്ങൾക്കു ഇത്ര ശതമാനം, പട്ടികജാതിക്കാർക്കു ഇത്ര ശതമാനം റിസർവേഷൻ ഉണ്ടായിരിക്കണമെന്നാണു വ്യവസ്ഥ. കഴിഞ്ഞ ഒരവസരത്തിൽ, ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞു; പട്ടികജാതിക്കാർക്ക് വേണ്ടത്ര റിസർവേഷൻ നൽകാൻ കഴിഞ്ഞിട്ടില്ലെന്ന്. അടുത്ത തവണ ആ കുറവു പരിഹരിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ഇപ്പോൾ യാതൊരു തത്വവുമില്ലാതെ നിയമനം നടത്തുന്നതുമൂലം പിന്നോക്ക സമുദായങ്ങൾക്കും, പട്ടികജാതിക്കാർക്കും കിട്ടേണ്ട ന്യായമായ റിസർവ്വേഷൻ കിട്ടിയിട്ടില്ലെന്നുള്ളതു ഒരു വസ്തുതയാണ്. പട്ടികജാതിക്കാർക്കു 3 ശതമാനംമാത്രമേ കിട്ടിയിട്ടുള്ളൂ എന്നു മന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ട്. അങ്ങനെ ഒട്ടേറെ തകരാറുകൾ ഇത്തരം നിയമനങ്ങളിൽ നടന്നിട്ടുണ്ട്. അർഹതയുള്ള പലർക്കും നിയമനം കിട്ടിയിട്ടില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പരാതികൾ ജനതാമദ്ധ്യത്തു ഉയർന്നുവന്നിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കി, ഒരന്വേഷണത്തിനു തയ്യാറാകേണ്ടതാണ്. എവിടെയാണു തകരാറെന്നു പരിശോധിക്കണം. ഉദ്യോഗസ്ഥൻമാരുടെ തകരാറാണെങ്കിൽ അതു തിരുത്തുകയും മേലാൽ ആവർത്തിക്കാതിരിക്കാൻ ഏർപ്പാടുചെയ്യുകയും വേണം. മന്ത്രി ചെയ്ത തെറ്റാണെങ്കിൽ അതും തിരുത്തണം. ഇതിനെ സംബന്ധിച്ചിടത്തോളം പരസ്യമായ ഒരന്വേഷണം നടത്തണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. അതിനു മന്ത്രി തയ്യാറാകുമെന്നു വിശ്വസിക്കുന്നു.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. എ. മജീദ് ഇവിടെ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ

LIBRARY ARCHIVES Kerala Legislative Assembly

നിയമനങ്ങളെ സംബന്ധിച്ചു പറഞ്ഞ അഭിപ്രായങ്ങളെ, നീതിക്കു നിരക്കാത്ത രീതിയിൽ പല നിയമനങ്ങളും നടന്നിട്ടുണ്ടെന്ന ആരോപണങ്ങളെ ആദ്യമായി ഞാൻ നിഷേധിക്കുകയാണ്.

സർ, അവിടെ ഒരു നിയമന സംപ്രദായമുണ്ട്. ആ സംപ്രദായം എഴുതിവച്ചിട്ടുള്ള സംപ്രദായംതന്നെയാണ്. ഇത്ര പോസ്റ്റുകളിലേക്കു ഇത്ര ആളുകളെ വേണം എന്നു കണക്കാക്കി, ഒരു കാലയളവിനുള്ളിൽ വരാൻ പോകുന്ന പോസ്റ്റുകളും തിട്ടപ്പെടുത്തി ഓരോ തസ്തികയ്ക്കും ആവശ്യമായിട്ടുള്ള ആളുകളെ പ്രത്യേകം നോട്ടിഫൈ ചെയ്താണ് സ്ഥിരം സർവ്വീസിലേക്കു നിയമനം നടത്തുന്നത്. ആ സംപ്രദായപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു, അത്യാവശ്യം വരുന്ന ചില ഒഴിവുകളും നികത്താൻ നിവൃത്തിയില്ലാതെ വരുമ്പോൾ, അങ്ങനെയുള്ള തസ്തികകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന പതിവുമുണ്ട്. അതു മുൻപുമുതൽക്കേ ഉള്ള സംപ്രദായമാണ്, ഇന്നും ആ പതിവുണ്ട്. ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ പലരും അപേക്ഷകൾ സമർപ്പിക്കുന്ന പതിവുണ്ട്. 'ഇന്ന ഒഴിവിലേക്കു ആരെ ആവശ്യമുണ്ടെന്നറിയുന്നു, എനിക്ക് ഇന്നയിന്ന പരീക്ഷായോഗ്യതകളുണ്ട്; എന്നെ ഒഴിവുള്ള പോസ്റ്റിൽ നിയമിച്ചാൽ കൊള്ളാം, ക്ലീനറായിട്ടു ജോലി നോക്കിക്കൊള്ളാം, കൺഡക്ടരായിരുന്നുകൊള്ളാം, ക്ലാർക്കായി നിയമിച്ചാൽ കൊള്ളാം' എന്നിങ്ങനെ പലരും അപേക്ഷകൾ അയയ്ക്കാറുണ്ട്. അതെല്ലാം അവിടെ റിക്കാർഡു ചെയ്തു സൂക്ഷിക്കാറുണ്ട്. അത്യാവശ്യം വരുന്ന ചില പ്രത്യേക സാഹചര്യത്തിൽ ഇതിൽനിന്നു ചിലരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചെന്നു വരും. ഇങ്ങനെയൊരു പ്രക്രിയ നടന്നുവരുന്നതിന്റെ അടിസ്ഥാനത്തിലാണ് മാന്യ മെമ്പറടക്കം പല ബഹുമാനപ്പെട്ട മെമ്പറൻമാരും ആവശ്യപ്പെട്ടിട്ടുള്ള രീതിയിൽ സർവ്വീസിലെ താൽക്കാലിക ജീവനക്കാരെ റഗുലർ സർവ്വീസിലാക്കണമെന്ന പ്രശ്നം ഉയർന്നുവന്നിട്ടുള്ളത്. തൊഴിലാളിയൂണിയനുകളും ആ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതിനുമുൻപും ഇങ്ങനെയുള്ള നിയമനങ്ങളും നടന്നിട്ടുണ്ട്. ഇപ്പോഴും ചട്ടങ്ങൾക്കു വിരുദ്ധമായിട്ടു ഒന്നും ചെയ്തിട്ടില്ല. പഴയ സംപ്രദായത്തിൽനിന്നു യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഇപ്പോഴും 200 ക്ലാർക്കൻമാരുടെ ഒഴിവുണ്ടായിട്ടുണ്ട്, ഡ്രൈവർമാരും 200 ആവശ്യമുണ്ട്. ക്ലീനറൻമാരെ ആവശ്യമുണ്ട്. ജനോപകാരപ്രദമായ ഒരു സ്ഥാപനമാണല്ലോ ട്രാൻസ്പോർട്ടു സർവ്വീസ്. ജനസേവനമാകയാൽ കൂടുതൽ ആളുകളെ നിയമിക്കേണ്ടതായി വരും. ഈ ഒഴിവുകളിലേക്കു 40,000—50,000-ത്തോളം പെറ്റീഷൻസ് വന്നിട്ടുണ്ട്. കേരളത്തിലെ തൊഴിലില്ലായ്മപ്രശ്നത്തിനു മറ്റു മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണേണ്ടതായിട്ടുണ്ട്. അവർക്കു എത്രമാത്രം ജോലി നൽകാൻ സാധിക്കുമെന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഒരു പദ്ധതി ആവിഷ്കരിച്ചു അതിനുവേണ്ട പണം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജ് ഇരുന്നു ചിരിക്കുന്നുണ്ട്. മി. ജോർജിന്റെ ചിരി വലിയ അപകടങ്ങൾ ഉണ്ടാക്കിയ ചിരിയാണ്.

സർ, നിയമപ്രകാരം നോട്ടിഫൈ ചെയ്ത അപേക്ഷ ക്ഷണിക്കുമ്പോൾ നിയമിക്കുന്നവരെ അപേക്ഷിച്ചു വളരെ കുറച്ചുപേരെ മാത്രമേ ഇങ്ങനെ നിയമിച്ചിട്ടുള്ളൂ. ബസ്സുകൾക്കു ചേസിസു വാങ്ങി, ബാഡി നിർമ്മിച്ചുകഴിഞ്ഞാൽ അതു പുതിയ റൂട്ടുകളിലേക്കു ജനങ്ങളുടെ ആവശ്യപ്രകാരം ഓടിക്കണമെങ്കിൽ ആവശ്യമുള്ള ഡ്രൈവർമാർ ഇല്ലാതെ സാദ്ധ്യമല്ലല്ലോ. കൺഡക്ടർമാരാണെങ്കിൽ മൂന്നുമാസത്തേക്ക് നിയമിക്കത്തക്കവിധം റിസർവു കൺഡക്ടർമാരായിട്ടുണ്ട്. ഡ്രൈവർമാരെയും ക്ലീനർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ]

മാരെയും കൂടുതൽ ആവശ്യമായി വരുമ്പോൾ ചില പ്രത്യേക സാഹചര്യത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുപോകും. ക്ലീനർമാരില്ലെങ്കിൽ വണ്ടി ഷെഡ്ഡിൽ നിന്നിറക്കാൻ പറ്റുകയില്ല. ഇവിടെത്തന്നെ പല ബഹുമാനപ്പെട്ട മെമ്പറൻമാരും പരാതിപ്പെട്ടിട്ടുണ്ട്, സർവ്വീസു നടത്തുന്നതിനിടയിൽ ബസ്സുകൾ വഴിയിൽ കിടന്നുപോകുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ടെന്ന്. വേണ്ടിടത്തോളം ക്ലീനർമാരും മെക്കാനിക്കുകളും ഇല്ലെങ്കിൽ വണ്ടി ശരിയായ നിലയിൽ ഓടിക്കാൻ പറ്റുകയില്ല. പലപ്പോഴും ഓവർടൈം ശമ്പളം കൊടുക്കേണ്ടതായി വരും. പൊതുജനങ്ങളുടെ ആവശ്യമെന്ന നിലയ്ക്കു അപ്പോഴപ്പോൾ അത്യാവശ്യമെന്നു കാണുന്ന തസ്തികകളിൽ നിയമനം നടത്തുന്ന പതിവാണുള്ളത്.

സർ, ഇപ്പോൾ വന്നിട്ടുള്ള അപേക്ഷകൾ റിക്കാർഡുചെയ്തു നമ്പരിട്ട് അടുത്ത നടപടി സ്വീകരിക്കാനുള്ള ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇത്ര ക്ലീനായിട്ടു കാര്യങ്ങൾ നടത്തുന്ന ഒരു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം, ചോദ്യങ്ങളായാലും, വിമർശനങ്ങളായാലും അതു ഗുണകരമായ നിലയിൽ നല്ല ഫലം ഉണ്ടാക്കാനാണെങ്കിൽ, അല്പം മനോവേദനയുണ്ടായാലും ഞാൻ സഹിക്കുമായിരുന്നു. പക്ഷെ അതല്ല. വല്ല പോരായ്മകളും ഉണ്ടെങ്കിൽ അതൊക്കെ പരിഹരിക്കാൻ എത്രയോ എളുപ്പമായ വഴികളുണ്ട്. നാം പരസ്പരം ഇങ്ങനെ മനസ്സിലാക്കാതെ സംസാരിക്കേണ്ട ആവശ്യമില്ല. വളഞ്ഞ വഴിയിൽ കൂടിയല്ലാതെ നേരേചൊവ്വേ കാര്യങ്ങൾ നടത്താൻ വേറെ മാർഗ്ഗമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മജീദ് സർട്ടിഫിക്കറു കൊടുക്കുന്ന കാര്യം പറഞ്ഞു. അങ്ങനെ കൊടുക്കുന്നതു കൊണ്ടുള്ള ഗുണം മനസ്സിലാക്കിയിട്ടായിരിക്കും ഒപ്പിട്ടുകൊടുക്കുന്നത്. സർ, ഒരുകാര്യമേ എനിക്കു പ്രധാനമായി പറയാനുള്ളൂ. തെറ്റിദ്ധാരണകൾ മാറ്റി, എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അതു പരിശോധിച്ചു പരിഹാരമുണ്ടാക്കാം.

ഡെപ്യൂട്ടി സ്പീക്കർ : ബന്ധപ്പെട്ട മെമ്പർമാർക്കു ഓരോ ചോദ്യം ചോദിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : ഈ കാര്യത്തിൽ അങ്ങേയറ്റം അഴിമതി നടന്നിട്ടുണ്ടെന്നു നിയമസഭയ്ക്കകത്തും പുറത്തും പരാമർശവും ധാരണയും ഉണ്ടായിട്ടുള്ളതിനാൽ ഗവൺമെൻറിൻെറയും മന്ത്രിയുടെയും സൽപേരിനെ നിലനിറുത്താനായിട്ട് ഒരു പരസ്യാന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : നിയമസഭയ്ക്കകത്തും പുറത്തും ആക്ഷേപമുണ്ടെന്നു ചില ആളുകൾ മനസ്സിൽ കരുതിക്കൊണ്ടു നടക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്താൻ തയ്യാറല്ല.

ശ്രീ. കെ. എം. മാണി : സർ, ഒക്ടോബർ 6-ാം തീയതിയിലെ ഈ ചോദ്യത്തിന് സഭയിൽ മറുപടി പറഞ്ഞതിനുശേഷം, ഒക്ടോബർ 13-ാം തീയതി; വളരെ ക്ലീനായിട്ടു കാര്യങ്ങൾ നടത്തുന്ന കോർപ്പറേഷനിൽ പി. എൽ. സി. 2/99095/69-ാം നമ്പരായി ഒരാർഡർ പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ ? ആ ഉത്തരവ് അനുസരിച്ച് മാർക്സിസ്റ്റുപാർട്ടി നേതാവ് ശ്രീ. സി. എച്ച്. കണാരൻെറ മകനും സി. കെ. ശ്യാമളകുമാരിയെ (കാരായിൽ വീട്, നട്ട്സ്ട്രീറ്റ്, വടകര) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രൊവിഡൻറുഫണ്ട് സെക്ഷനിൽ അക്കൗണ്ട്സു ബ്രാഞ്ചിൽ ക്ലാർക്കായും,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ഗോപാലൻ എം. പി. യുടെ സഹോദരന്റെ മകൾ പത്മ കുമാരിയെ ലീഗൽ സെക്ഷൻ ചീഫ് ആഫീസിൽ യാതൊരപേക്ഷയും ക്ഷണിക്കാതെയും നിയമിച്ചതായി അറിയാമോ ? വളരെ ക്ലീനായി കാര്യ ങ്ങൾ നടത്തുന്ന ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ നടന്ന വ്യക്തമായ ഈ അഴിമതി ചൂണ്ടിക്കാണിച്ചാൽ ആ നിയമനം ഉടനടി റദ്ദുചെയ്യാൻ അങ്ങു തയ്യാറാണോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഈ പറഞ്ഞിട്ടുള്ള ആളുകൾ ഇൻഡ്യ യിലെ, കേരളത്തിലെ 'എ' ക്ലാസ് പൗരൻമാരാണ്. അവരുടെ മക്കൾക്കോ മറ്റു ബന്ധുക്കൾക്കോ, കേരളത്തിലെ ഏതു ജോലി നൽകുന്നതിനും, ശരിയായ ക്വാളിഫിക്കേഷനുണ്ടെങ്കിൽ, മറ്റാരുടെയും അവകാശത്തെ ലംഘി ക്കാതെ ഏതു ജോലി നോക്കുന്നതിനും, അർഹതയുണ്ട്, അവകാശമുണ്ട്. എ. കെ. ജി. യുടെയല്ല, സി. എച്ചിന്റെയല്ല, ഇമ്പിച്ചിബാവയുടെയാ യാലും മക്കൾക്കോ, ബന്ധുക്കൾക്കോ ഭാര്യയ്ക്കോ ജോലി നൽകുന്ന തിന് ഈ രാജ്യത്തെ ഭരണഘടന അവകാശം നൽകുന്നുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : അപേക്ഷ ക്ഷണിക്കാതെയാണോ നിയ മനം നടത്തിയിട്ടുള്ളതെന്നാണ് ചോദ്യം ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : അപേക്ഷ ക്ഷണിച്ചിട്ടാണോ ക്ഷണിക്കാതെയാണോ നിയമിച്ചതെന്നു നോക്കാം. പക്ഷേ അവർക്കു ജോലി കൊടുത്തുകൂടാ എന്ന അഭിപ്രായം എനിക്കില്ല.

ശ്രീ. കെ. ടി. ജോർജ്ജ് : സർ, ഈ മന്ത്രിസഭയുടെ ദിവസങ്ങൾതന്നെ എണ്ണപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ, തൊട്ടടുത്ത ദിവസംതന്നെ ശ്രീ. സി. എച്ച്. കണാരന്റെയും, ശ്രീ. എ. കെ. ഗോപാലന്റെയും സ്വന്ത ക്കാർക്ക് നിയമപരമായിട്ടുതന്നെയാണ് നിയമനം നൽകിയതെന്നു ധൈര്യ മായി മന്ത്രിക്കു പറയാൻ സാദ്ധ്യമല്ലാത്ത ഈ സാഹചര്യത്തിൽ, അങ്ങനെ നിയമനം നടന്നിരിക്കേ, നിയമപരമായി നോട്ടിഫിക്കേഷൻ മുഖേന അപേക്ഷ ക്ഷണിക്കാതെ സ്വന്തക്കാർക്കു നിയമനം നടത്തിയ ക്രമക്കേടു കൾ ഉണ്ടായിരിക്കുന്ന നിലയ്ക്കു അവിടെ നടന്നിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം പരസ്യമായ ഒരന്വേഷണം നടത്തി, തെറ്റായ നിയമ നങ്ങൾ റദ്ദാക്കാൻ മന്ത്രി തയ്യാറാണെന്നു പ്രഖ്യാപിക്കാൻ തയ്യാറാകുമോ ? അതുപോലെതന്നെ ഉടനടി ഇന്നുതന്നെ മേലാലുള്ള നിയമനങ്ങളെല്ലാം പി. എസ്. സി. ക്കു വിട്ടുകൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പി. എസ്. സി. ക്ക് നിയമനാധി കാരം വിട്ടുകൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റു ചില നടപടികൾ സ്വീകരിച്ചുവരികയാണ്. കോർപ്പറേഷനെ സംബ ന്ധിച്ചു മാത്രമല്ല, അഗ്രിക്കൾച്ചർ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ, ഖാദി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനാധികാരം പി. എസ്. സി. ക്ക് വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഈ സഭയിൽതന്നെ അഭിപ്രായമു ണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റു ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്. പിന്നെ മന്ത്രിസഭയുടെ ദിവസങ്ങൾ എണ്ണപ്പെട്ടു കഴി ഞ്ഞിരിക്കുന്നതായി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ ദിവസങ്ങൾ എണ്ണിക്കഴിക്കുന്ന ആളുകൾക്കു എണ്ണം തെറ്റി പ്പോകും. കേരളത്തെ സംബന്ധിച്ചിടത്തോളം അതു തീർച്ചയായും തെറ്റി പ്പോവുമെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആരും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ]

എണ്ണിക്കുഴയാതെ, ഇവിടത്തെ പണികഴിഞ്ഞിട്ട് വല്ല രേഖയും വായിച്ച് വീട്ടിൽപോയി കിടന്നുറങ്ങുന്നതാണ് നല്ലത്.

ശ്രീ. കെ. ടി. ജോർജ്ജ് : എന്റെ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. ശ്രീ. സി. എച്ച്. കണാരന്റെയും, ശ്രീ. എ. കെ. ഗോപാലന്റെയും ബന്ധുക്കളെ നിയമിച്ചു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിരിക്കേ.....

ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെ സമ്മതിച്ചില്ല.

ശ്രീ. കെ. ടി. ജോർജ്ജ് : സാധാരണ നിലയിൽ നോട്ടിഫിക്കേഷൻ മൂലം അപേക്ഷ ക്ഷണിച്ചിട്ടല്ല ആ നിയമനങ്ങളും നടത്തിയിട്ടുള്ളതെന്നു വ്യക്തമായിരിക്കേ, ഈ മാതിരി നിയമനങ്ങളിൽ അഴിമതിയുണ്ടെന്നു ഭാഗികമായിട്ടെങ്കിലും സമ്മതിച്ചിരിക്കേ ഒരു അന്വേഷണം നടത്താൻ തയ്യാറാണെന്നു പ്രഖ്യാപിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഞാൻ ഇവിടെ ആരുടേയും പേരു പറഞ്ഞില്ല. അപേക്ഷ ക്ഷണിച്ചിട്ടാണോ, അല്ലാതെയാണോ നിയമിച്ചതെന്നു പരിശോധിക്കാം എന്നേ പറഞ്ഞിട്ടുള്ളൂ. എന്തായാലും ശരി അവിടെ നടക്കുന്നതെല്ലാം കൃത്രിമമാണ്, ക്രമക്കേടാണ് എന്നു പറഞ്ഞാൽ അതു അംഗീകരിക്കാൻ സാദ്ധ്യമല്ല.

Deputy Speaker : The House will now adjourn and meet again at 8 a.m. tomorrow.

The Assembly adjourned at 12-45 p.m. to meet again at 8 a.m. on Thursday the 16th October 1969.

LIBRARY ARCHIVES Kerala Legislative Assembly